പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2769    21.06.2012 - ൽ മറുപടിക്ക്

ഹോട്ടലുകളിലെ വില നിയന്ത്രണത്തിന് നിയമനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് അനിയന്ത്രിതമായി വില വർദ്ധിക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | അവശ്യ വസ്തുക്കൾക്ക് വില കൂടുന്നതിന് ആനുപാതികമായി ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾക്ക് നേരിയ തോതിൽ വർദ്ധിച്ച വില ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഹോട്ടലുകളെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം ക്ലാസുകളായി തിരിച്ച് വില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ബി) | യും സി) യും<br><br>ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്കായി കൺസ്യൂമർ അഫയേഴ്സ് വകുപ്പ് സെക്രട്ടറി കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| സി) | ഓരോ ക്ലാസുകൾക്കും വില-ഗുണ നിലവാരം ഒന്നായിരിക്കുന്നതിനും ക്ലാസിന്റെ മാനദണ്ഡമനുസരിച്ച് ടോയ്ലറ്റ്, മാലിന്യപ്ലാന്റ് തുടങ്ങിയവ ഉണ്ടായിരിക്കണമെന്നും നിർദ്ദേശിക്കുമോ? | | |

സെക്ഷൻ ഓഫീസർ.